# വിദ്യാർത്ഥികൾക്കുള്ള പ്രതിരോധ കുത്തിവെയ്പിൻെറ വിവരങ്ങൾ

വിദ്യാലയ പ്രായത്തിലുള്ള നിങ്ങളുടെ കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പിൻെറ റിക്കോർഡ് കുട്ടി സ്കൂളിൽ പഠിക്കുന്ന കാലഘട്ടം മുഴുവനും [1] സൂക്ഷിക്കേണ്ടത് - നിയമപരമായി – പീൽ പബ്ലിക് ഹെൽത്തിൻെറ കടമയാണ്.

## നിങ്ങളുടെ കുട്ടിയെ സ്കൂളിൽ ചേർക്കുമ്പോൾ

- നിങ്ങളുടെ കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പ് റിക്കോർഡിൻെറ ഒരു കോപ്പി സ്കൂൾ രജിസ്ട്രേഷൻ ഫാറത്തിനൊപ്പം വയ്ക്കുക. ഈ റിക്കോർഡ് സ്കൂൾ പീൽ പബ്ലിക് ഹെൽത്തിനു നൽകും.

- ജനനം മുതൽ നിങ്ങളുടെ കുട്ടിക്ക് ലഭിച്ച **എല്ലാ** പ്രതിരോധ കുത്തിവെയ്പുകളുടെ അളവിൻെറ വിവരങ്ങൾ ഈ കോപ്പിയിലുണ്ടോയെന്ന് ഉറപ്പുവരുത്തുക.

- നിങ്ങളുടെ കുട്ടിക്ക് പ്രതിരോധ കുത്തിവെയ്പ് ലഭിച്ചിട്ടില്ലാ അഥവാ നിങ്ങൾക്ക് തെളിയിക്കാൻ സാധിക്കുന്നില്ലങ്കിൽ കുടുംബ ഡോക്ടറെ കാണുകയോ പീൽ പബ്ലിക് ഹെൽത്തിനെ വിളിക്കുകയോ ചെയ്യുക.

## പ്രതിരോധ കുത്തിവെയ്പുകൾ ക്രിത്യസമയത്തു നടത്തുക.

- നാലിനും ആറിനും വയസിനിടക്ക് നിങ്ങളുടെ കുട്ടിക്ക് ഡിഫ്റ്റീരിയാ, വില്ലൻചുമ, റ്റെറ്റ്നസ്, പോളിയോ എന്നിവയുടെ ഒരു ബൂസ്റ്റർ ഡോസ് ലഭിച്ചിരിക്കണം [2].

- പതിനാലിനും പതിനാറിനും വയസിനിടക്ക് ഡിഫ്റ്റീരിയാ, വില്ലൻചുമ, റ്റെറ്റ്നസ്, എന്നിവയുടെ ഒരു ബൂസ്റ്റർ ഡോസ് ലഭിച്ചിരിക്കണം.

- പ്രതിരോധ കുത്തിവെയ്പുകൾ ശരിക്കും പ്രവർത്തിക്കുവാനായി ക്രിത്യസമയത്തുതന്നെ നടത്തിയിരിക്കുക. ഉദാഹരണത്തിന് എം എം ആർ (മീസൽസ് - മംപ്സ്, റൂബെല്ലാ) ൻെറ ആദ്യ ഡോസ് ഒന്നാം ജന്മദിനത്തിനു **ശേഷവും,** രണ്ടാമത്തെ ഡോസ് ആദ്യത്തെ കഴിഞ്ഞ് 28 ദിവസത്തിനകവും നൽകിയിരിക്കണം [2].

1. Immunization of School Pupils Act, September 1990. Queens Printer for Ontario.
2. Canadian Immunization Guide. 7th Edition. 2006. Published by the Public Health Agency of Canada. : 93/95&196/200.

- വിദ്യാലയത്തിൽ സംബന്ധിക്കാൻ വേണ്ട കുത്തിവെയ്പ് റിക്കോർഡുകൾ നാളിതുവരെ പൂർണമാണോയെന്നറിയാൻ ഇടക്കിടക്ക് പീൽ പബ്ലിക് ഹെൽത്ത് കുട്ടിയുടെ റിക്കോർഡുകൾ പരിശോധിക്കുന്നതാണ്.

- പ്രതിരോധ കുത്തിവെയ്പുകൾ ക്രിത്യമല്ലാത്ത (അതുപോലെ വ്യക്തമായ കാരണങ്ങളില്ലാത്ത) കുട്ടികളെ ഒരു പക്ഷെ വിദ്യാലയത്തിൽ തുടർന്നു പഠിക്കാൻ അനുവദിക്കുന്നതല്ലായിരിക്കും.

- ഒൻറാരിയോക്കോ, കാനഡയ്ക്കു പുറത്തോ പ്രതിരോധ കുത്തിവെയ്പുകൾ ലഭിച്ച കുട്ടികൾക്ക്, ഒൻറാരിയോ സംസ്ഥാനത്തെ പ്രതിരോധ കുത്തിവെയ്പ് നിയമത്തിനൊപ്പം ആക്കാൻ ഒരു പക്ഷെ കുടുതലായി കുത്തിവെയ്പുകൾ നടത്തേണ്ടി വരും.

- ഒൻറാരിയോയുടെ സ്കൂളിൽ സംബന്ധിക്കാൻ വേണ്ട പ്രതിരോധകുത്തിവെയ്പുകൾ നിങ്ങളുടെ കുടംബ ഡോക്ടർ വഴി **സൗജന്യമായി** ലഭ്യമാണ്.

- മറ്റുരാജ്യങ്ങളിൽ നിന്നുള്ള കുത്തിവെയ്പ് റിക്കോർഡുകൾ പീൽ പബ്ലിക് ഹെൽത്ത് **സൗജന്യമായി** പരിഭാഷ ചെയ്യുന്നതാണ്.

- വിദ്യാലയത്തിൽ ചേരാൻ റിക്കാർഡ് ആവശ്യമുള്ള കുട്ടികൾക്ക് ഒൻറാരിയോ ഹെൽത്ത് കാർഡ് ഇല്ലെങ്കിൽ, ഈ പ്രതിരോധ കുത്തിവെയപുകൾ പീൽ പബ്ലിക് ഹെൽത്തിൻെറ മൂന്ന് സ്ഥലങ്ങളിൽ നിന്ന് **സൗജന്യമായി** ചെയ്തു കിട്ടുന്നതാണ്.

- ഹേപ്പറ്റൈറ്റ്സ് ബിയും മെനിജോകോക്കൽ സി (7 ക്ലാസിലെ കുട്ടിക്ക്) അതുപോലെ ഹ്യൂമൻ പാപ്പിലോമ വൈറസ് (8 ക്ലാസിലെ കുട്ടിക്ക്) എന്നീ കുത്തിവെയ്പുകൾ സ്കൂളിൽ വച്ച് പീൽ പബ്ലിക് ഹെൽത്ത് നടത്തുന്ന ക്ലിനിക്കുകളിൽ നിന്ന് ലഭിക്കും.

***Malyalam***

**നിങ്ങളുടെ കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പ് റിക്കോർഡ് പൂർണ്ണമായി വയ്ക്കുക.**

- നിങ്ങളുടെ ഡോക്ടറോ അഥവാ കുട്ടിയുടെ സ്കൂളോ കുട്ടിയുടെ കുത്തിവെയ്പ് വിവരങ്ങൾ പീൽ പബ്ലിക് ഹെൽത്തിനെ അറിയിക്കുന്നതല്ല.

- നിങ്ങളുടെ കുട്ടി ഒരിക്കൽ സ്കൂളിൽ ചേർന്നു കഴിഞ്ഞാൽ ഒരോ പ്രാവശ്യം കുത്തിവെയ്പുകൾ നടത്തുമ്പോൾ **നിങ്ങൾ തന്നെ പീൽ പബ്ലിക് ഹെൽത്തിനെ വിളിച്ച് കുട്ടിയുടെ പ്രതിരോധ കുത്തിവെയ്പു റിക്കോർഡിൽ ഈ വിവരം ചേർക്കേണ്ടതാണ്**

- **പീൽ പബ്ലിക് ഹെൽത്തിനെ 905-799-7700** എന്ന നമ്പറിൽ **വിളിക്കാം**; കാലഡണിൽ താമസിക്കുന്നവർക്ക് ടോൾ ഫ്രീയായി **905-584-2216** എന്ന നമ്പറിൽ വിളിക്കാം. **തർജിമ സൗകര്യങ്ങൾ ലഭ്യമാണ്**

- **www.immunizepeel.ca** എന്ന വെബ് **സൈറ്റിലൂടെ** ഓൺലൈനായും റിക്കോർഡുകൾ നൽകാം

- **തപാൽ മുഖേനയോ നേരിട്ടോ റിക്കോർഡുകളുടെ കോപ്പി നൽകാം**
  7120 Hurontario Street, P.O. Box 630
  Mississauga, ON L5M 2C5
  (ഒറിജിനൽ റിക്കോർഡ് അയക്കരുത്)

Region of Peel
*Working for you*
Public Health